DESPATCHED On... 29/06/2020

10·3·20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1835*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **11108**/*എസ്.ഐ.സി-ജി 6/14*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഷെറീഫ് എൻ.,
വടക്കേക്കണ്ടി (H),
കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.,
മലപ്പുറം – 673 635.

} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്,
ജില്ലാ ഓഫീസ്, കക്കാട് റോഡ്, ഒന്നാം നില,
ഗാലക്സി കോംപ്ളക്സ്, കണ്ണൂർ –2.

2. അപ്പീൽ അധികാരി&
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്,
റീജിയണൽ ഓഫീസ്, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.05.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.06.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.06.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.07.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 15.07.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 17.07.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഷെറീഫ് എൻ., 15.07.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 17.07.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1835(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 3 വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നുവെന്നും പ്രസ്തുത അപേക്ഷയിൽ വിവരങ്ങൾ നേരിട്ട് പരിശോധിക്കാൻ കഴിയില്ല എന്നു വ്യക്തമായി രേഖപ്പെടുത്തിയതാണെന്നും ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല എന്ന കാരണമാണ് അറിയിച്ചതെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന്മേൽ വിവരങ്ങൾ നൽകാൻ കഴിയില്ല എന്ന മറുപടിയാണ് നൽകിയതെന്നും ആകയാൽ ടിയാന് മറുപടി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.05.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കണ്ണൂർ ജില്ലയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് എൻ.ഒ.സി. നൽകിയിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ നൽകണമെന്നും എൻ.ഒ.സി.നൽകിയിട്ടുള്ള ഓരോ സ്ഥാപനങ്ങളിലും എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ്/ഉൽപാദനമാണ് നടക്കുന്നതെന്നും തുടങ്ങി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 17.06.2014ന് മറുപടി നൽകിയതായും തുടർന്ന് സമർപ്പിച്ച അപ്പീലിന് 09.07.2014ന് മറുപടി നൽകിയതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 21.08.2014ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ ടി ഓഫീസിൽ രണ്ട് പരാതികൾ സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത പരാതികളിൽ ബോധിപ്പിച്ചിട്ടുള്ളത് മലപ്പുറം, കണ്ണൂർ ജില്ലകളിലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ കാര്യാലയത്തിൽ നിന്നും ഹർജിക്കാരൻ നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല എന്നും ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ്. എന്നാൽ ടിയാന്റെ അപ്പീലുകൾക്കൊപ്പം സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും മേൽപ്പടി രണ്ട്

ജില്ലാ കാര്യാലയങ്ങളിലും ടിയാൻ ആവശ്യപ്പെട്ട ബാഹുല്ല്യമായ രേഖകൾ ക്രോ ഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 09.01.2020ലെ റിപ്പോർട്ടും പരി ശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവിധ ഫയലുകളിലായി സൂക്ഷിച്ചിരിക്കുന്നതിനാലും 2006 മുതൽ 2014വരെ കാലയള വിൽ ഏകദേശം 3500 ഓളം ഫയലുകൾ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും അതിൽ നിന്നും ഓരോ ഫയലിലെയും വിശദ വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ച് ടിയാന് ലഭ്യമാക്കുന്നത് ടി ഓഫീസിലെ ദൈനംദിന പ്രവർത്ത നത്തെ ബാധിക്കുമെന്നതിനാലാണ് ടിയാനോട് നേരിട്ട് ഹാജരായി ഫയൽ പരി ശോധിക്കാൻ ആവശ്യപ്പെട്ടതെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയു ടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 10-ാം തീയതി കമ്മീഷൻ തീർപ്പാക്കു ന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM